"ഭരണഭാഷ മാതൃഭാഷ"

നം.എച്ച്(2)/44444/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 13..07..2017.

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - തസ്തികനിർണയം 2017-18 - സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം 2017-18 സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിൽ നിന്നുളള 01-07-2017, 03-07-2017, 06-07-2017, 10-7-2017, 11-07-2017 തീയതികളിലെ ഇതേ നമ്പർ കത്തുകൾ.

2017-18 വർഷത്തെ സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസം ഉൾപ്പെടെയുളള മുഴുവൻ തസ്തികനിർണയ പ്രവർത്തനങ്ങളും അവസാനിപ്പിക്കാൻ ഇതി നമ്മുടെ മുന്നിൽ അവശേഷിക്കുന്നത് ഇന്നും നാളെയും എന്ന രണ്ട് ദിവസങ്ങൾ മാത്രമാണ്. സമയബന്ധിതമായ കർമ്മ പരിപാടിയിൽ യാതൊരു മാറ്റവും വരുത്താതെ പരിശ്രമിച്ചതുമൂലം നാം വിജയത്തിലേക്കു വളരെ അടുത്തു കഴിഞ്ഞു.

ജില്ലയിൽ പുനർവിന്യസിക്കാൻ കഴിയുന്ന സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കി ഉത്തരവ് ടൈപ്പ് ചെയ്യുന്ന ജോലി ഇന്നു തന്നെ പൂർത്തിയാക്കണം. നാളെ (14-07-2017) രാവിലെ 10 മണിക്ക് ഈ ഉത്തരവ് 15-07-2017 പ്രാബല്യത്തിൽ പ്രസിദ്ധീകരിക്കുകയും വേണം. ബാക്കിയുളള കഴിവുകളുടെ വിവരങ്ങളും ജില്ലയിൽ പുനർവിന്യസിക്കപ്പെടാതെ അവശേഷിക്കുന്ന സംരക്ഷിത ജീവനക്കാരുടെ വിവരങ്ങളും ഡയറക്ടറേറ്റിലേക്ക് 14-07-2017 ന് രാവിലെ 10 മണിക്ക് തന്നെ അയക്കാനും മറക്കരുത്. ഇതിൽ യാതൊരു കാലതാമസവും വരുത്തരുത്. ഇതിനകം ജില്ലയിലെ പുനർവിന്യാസം പൂർത്തിയാക്കിയ ജില്ലകളിൽ നിന്ന് (വയനാട്, ഇടുക്കി, മലപ്പുറം തുടങ്ങിവ ഉദാഹരണം) ഒഴിവുകളുടെ വിവരങ്ങൾ ഇന്നുതന്നെ (13-07-2017 ന്) ഡയറക്ടറേറ്റിലേക്ക് അയക്കണം **(hsectiondpi@gmail.com)**.

എച്ച്.എസ്.എ. (മലയാളം), എച്ച്.എസ്.എ. (ഇംഗ്ലീഷ്) കാറ്റഗറികളിലെ സംരക്ഷിതാധ്യാപകരെ സർക്കാർ സ്കൂളിൽ താൽക്കാലികമായി പുനർവിന്യസിക്കുന്നതിനും കോടതി വിലക്ക് ഉളളതിനാൽ അത്തരം അധ്യാപകരെ കഴിയുന്നത്ര മറ്റൊഴുവുകളിൽ നിലനിർത്താൻ ശ്രമിക്കണം.

(...2...)

പുനർവിന്യാസം ലഭിക്കാത്ത ഒരു സംരക്ഷിത ജീവനക്കാരനും 15-07-2017 ന് ജില്ലയിൽ ഉണ്ടാകില്ലെന്ന് താങ്കൾ പ്രത്യേകം ഉറപ്പുവരുത്തുമല്ലോ

വിശ്വസ്തതയോടെ,

**ജെസ്സി ജോസഫ്,**
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
(പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി).

എ.റ്റി.13/7